# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.689 11.07.2016-ലെ മറുപടിക്ക്

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ പുനർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ). കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ റിട്ടയർ ചെയ്ത എഞ്ചിനീയർമാർക്ക് പുനർനിയമനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 2010 മുതൽ നടത്തിവരുന്ന ഏകദേശം 1500 കോടി രൂപ അടങ്കൽ വരുന്ന നൂറിൽപ്പരം പ്രൊജക്ടുകളുടെ പൂർത്തീകരണത്തിനായി സർക്കാരിൽ നിന്നും റിട്ടയർ ചെയ്ത എഞ്ചിനീയർമാരുടെ സേവനം കോർപ്പറേഷൻ ഉപയോഗിച്ചിട്ടുണ്ട്. ഇപ്രകാരം 16 എഞ്ചിനീയർമാരെ വിവിധ കാലഘട്ടങ്ങളിലായി 2010 മുതൽ നിയമിച്ചിട്ടുണ്ട്. നിലവിലെ മാനേജിംഗ് ഡയറക്ടർ, സീനിയർ കൺസൾട്ടന്റ്, മറ്റ് രണ്ട് റീജിയണൽ മാനേജർ എന്നിവർക്ക് പുറമേ പ്രോജക്ട് എഞ്ചിനീയർമാരായും, അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ മാരായും 12 പേരെ അവരുടെ സേവന കാലത്തെ മികവും, പ്രവർത്തന പരിചയവും പരിഗണിച്ച് പ്രോജക്ട് നടത്തിപ്പിന് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. |

➡

| | | | |
|---|---|---|---|
| (ബി). | കോർപ്പറേഷന് ലഭിയ്ക്കുന്ന വർക്കുകൾ മറ്റ് ഏജൻസികൾക്ക് നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി). | ഉണ്ട്. കോർപ്പറേഷന് പൊതു ദർഘാസുകളിൽ പങ്കെടുത്ത് ലഭിയ്ക്കുന്ന പ്രവൃത്തികളും സർക്കാർ ഏൽപ്പിക്കുന്ന പ്രവൃത്തികളും ടെണ്ടർ ചെയ്തും ഉപകരാർ നൽകിയുമാണ് നടത്തി വരുന്നത്. കോർപ്പറേഷന്റെ പ്രവൃത്തികൾ നേരിട്ട് നടത്തുവാൻ ആവശ്യമായ യന്ത്രസാമഗ്രികളുടെയും ധനസ്ഥിതിയുടെയും കടുത്ത അപര്യാപ്തതകളുണ്ട്. 1998ന് ശേഷം പ്രവൃത്തികൾ ഉപകരാർ മുഖാന്തിരം നൽകിയിട്ടുണ്ട്. ഉപകരാർ അവസാനിപ്പിക്കേണ്ടതുണ്ട്. അതിനായി വിശദമായ ചർച്ചകൾ നടത്തി പുന:സംഘടന നടത്തുന്ന കാര്യം ആലോചനയിലാണ്. ഒരു കരാറുകാരന്റെ റോളല്ല ഈ സ്ഥാപനം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി). | പ്രസ്തുത സ്ഥാപനത്തിലെ മറ്റെന്തെങ്കിലും ആക്ഷേപങ്ങൾ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ ? | സി). | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെതിരെ വിവിധ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പരാതി ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു |

**സെക്ഷൻ ഓഫീസർ**